15 (*43) വനിതാ തൊഴിൽ പരിശീലന പദ്ധതി

ശ്രീമതി എൻ.കെ. രാധ :

ശ്രീ. വർഗ്ഗീസ് വൈദ്യർ :

ശ്രീ. സി.പി. ബാലൻവൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയിൽ വനിതകൾക്ക് തൊഴിൽ നൽകുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചുവോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിപ്രകാരം എത്ര വനിതകൾക്ക് തൊഴിൽ പരിശീലനം നൽകി എന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം മേഖലകളിലാണ് വനിതകൾക്ക് തൊഴിൽ പരിശീലനം നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സഹകരണ സംഘങ്ങൾവഴി തൊഴിൽപരിശീലനം സിദ്ധിച്ച വനിതകൾക്ക് ധനസഹായം നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സഹകരണ സംഘങ്ങൾ വഴിക്കുള്ള വനിതാ തൊഴിൽ പരിശീലന പദ്ധതി സംസ്ഥാനത്ത് വ്യാപിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടത്തിവരുന്നുണ്ട്.

(ബി) 3300 വനിതകൾക്ക്.

(സി) റെഡിമെയ്ഡ് ഗാർമെന്റ്, തുന്നൽ പരിശീലനം, കയർ പിരിക്കുന്നതിന്, കക്ക കൃഷി ചെയ്യുന്നതിന്, ലെതർ മാനുഫാക്ചറിംഗ്, നോട്ട് ബുക്ക് നിർമ്മാണം, ബുക്ക് ബയന്റിംഗ് , പഴവർഗ്ഗ സംസ്ക്കരണ പദ്ധതി, ഇലക്ട്രോണിക് ചോക്ക് നിർമ്മാണം, മെറ്റൽ ക്രഷ്, കരിപൗഡർ നിർമ്മാണം, കമ്പ്യൂട്ടർ പരിശീലനം, ടൈപ്പ്റൈറ്റിംഗ്, പ്രിന്റിംഗ്, കുടനിർമ്മാണം, ബേക്കറി യൂണിറ്റ്, നെല്ലുകുത്ത്, ക്യാന്റീൻ നടത്തിപ്പ്, ബ്യൂട്ടീഷ്യൻ കോഴ്സ് എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. പരിശീലനം സിദ്ധിച്ച വനിതകൾക്ക് ജില്ലകളിലെ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽനിന്ന് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പയും സബ്സിഡിയും നൽകിവരുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ കക്ക കൃഷി ചെയ്യുന്നതിന് 3,000 രൂപ വീതം സബ്സിഡിയായും, 3,000 രൂപ വീതം വായ്പയായും 36 വനിതകൾക്ക് നൽകി. 4,000 രൂപ വീതം സബ്സിഡിയായും 4,000 രൂപ വീതം വായ്പയായും 15 വനിതകൾക്ക് കയർ പിരിക്കുന്നതിന് ധനസഹായം നൽകി 50 വനിതകൾക്ക് ലതർ മാനുഫാക്ചറിംഗ് തുടങ്ങുന്നതിന് 2,41,550 രൂപ മൊത്ത ഗ്രാന്റ് നൽകി ഇടുക്കി ജില്ലയിൽ 444 വനിതകൾക്ക് 4,45,000 രൂപയും ധനസഹായം നൽകി.

(ഇ) സഹകരണ സംഘങ്ങൾ വഴിയുള്ള വനിതാ തൊഴിൽ പരിശീലന പദ്ധതി സംസ്ഥാനത്ത് വ്യാപകമായി നടപ്പിലാക്കിവരുന്നു.

16 (*44) ആദിവാസികളുടെ ക്ഷേമം

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികളുടെ ഭാഗമായി എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി 1996-97, 1997-98 1998-99 എന്നീ വർഷങ്ങളിൽ എന്തു തുക വിനിയോഗിച്ചിട്ടുണ്ട്;

(ഡി) 2000-മാണ്ടോടുകൂടി സംസ്ഥാനത്തെ എല്ലാ ആദിവാസികൾക്കും വീട് നിർമ്മിച്ചുനൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇതിനകം എത്ര ആദിവാസികൾക്ക് വീട് നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ആദിവാസികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനും, സാമ്പത്തിക അഭിവൃദ്ധിക്കും, പാർപ്പിട, ആരോഗ്യപരിപാലനത്തിനും തുടങ്ങി സാമൂഹ്യ ക്ഷേമവും സുരക്ഷിതത്വവും പ്രദാനം ചെയ്യുന്ന വിവിധ പദ്ധതികൾ പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുകയുണ്ടായി. ഇതിനുപുറമേ വനം, സഹകരണം, സാങ്കേതിക വിദ്യാഭ്യാസം, പൊതുജനാരോഗ്യം, വ്യാവസായിക പരിശീലനം, ഭവനനിർമ്മാണം, ഊർജ്ജം, ഗ്രാമവികസനം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകൾ മുഖേന പട്ടികവർഗ്ഗ ഉപപദ്ധതിയിൽപ്പെടുത്തി വിവിധ പരിപാടികളും നടപ്പാക്കുകയുണ്ടായി.

(ബി) ആദിവാസികൾക്ക് മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും സ്ഥാപിക്കുകവഴി മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുകയുണ്ടായി. ഭവനരഹിതമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ, ഭൂരഹിത ഭവനരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം, വർഷകാലത്തെ തൊഴിലില്ലായ്മയും, പട്ടിണിയും ദൂരീകരിക്കുന്നതിനായി ഫുഡ് സപ്പോർട്ട് പ്രോഗ്രാം, ഗ്രാമവികസന വകുപ്പിന്റെ തൊഴിൽദാന/പട്ടിണി നിർമ്മാർജ്ജന പരിപാടികൾ, വൈദ്യുതീകരണം, ആരോഗ്യപരിപാലന പരിപാടികൾ, കുടിവെള്ളം ലഭ്യമാക്കൽ മുതലായ പരിപാടികളിലൂടെ പട്ടികവർഗ്ഗക്കാർക്ക് തങ്ങളുടെ സാമൂഹിക- സാമ്പത്തികനില മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

(സി) 1996-97ൽ 3927.25 ലക്ഷം രൂപയും, 1997-98ൽ 6119.17 ലക്ഷം രൂപയും, 1998-99 ൽ 5345.29 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ്, ഗ്രാമവികസനവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്നീ ഏജൻസികളുടെ സഹകരണത്തോടുകൂടി 9-ാം പദ്ധതി അവസാനിക്കുന്നതിനുമുമ്പായി കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീടുകൾ നിർമ്മിച്ചുനൽകുന്നതിനുള്ള ഒരു 'പേർസ്പെക്ടീവ് പ്ലാൻ' തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1998-99 വർഷംവരെ ഏകദേശം 54,400 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖേന പാർപ്പിടങ്ങൾ നിർമ്മിച്ചു നൽകിയിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

17 (*45) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. പി. രാജു :
ശ്രീ. പി. നാരായണൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ സംയോജിതമായി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ)&(ബി) ഉണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾവഴി വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതികൾ വൈദ്യുതി ബോർഡ് നടപ്പിലാക്കിവരുന്നു. സ്വകാര്യമേഖലയിൽ 25 മെഗാവാട്ട് വൈദ്യുതി കാറ്റിൽനിന്നും ഉൽപ്പാദിപ്പിക്കുന്നതിനായി രണ്ടു സ്വകാര്യസംരംഭകരുമായി ധാരണാപത്രവും ഇൻഡിക്കേറ്റീവ് പവർ പർച്ചേസ് എഗ്രിമെന്റും ഒപ്പുവച്ചിട്ടുണ്ട്. കൂടാതെ അനെർട്ട് താഴെ പറയുന്ന പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

1. സംയോജിത ഗ്രാമീണ ഊർജ്ജ പരിപാടി
2. മെത്തനോൾ പ്രോജക്ട്.
3. പവനോർജ്ജ പദ്ധതി.
4. സൗരോർജ്ജ പദ്ധതി.
5. സൗരതാപോർജ്ജ പദ്ധതി.
6. ജൈവോർജ്ജ പദ്ധതി.
7. ഊർജ്ജ സംരക്ഷണ പരിപാടി.
8. മെച്ചപ്പെട്ട വിറകടുപ്പുകളുടെ സംരക്ഷണവും പരിപാലനവും.
9. ഗ്രാമീണ സാങ്കേതിക വിദ്യകളുടെ പദ്ധതികൾ
10. സൗരോർജ്ജ ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനുള്ള പഠന ഗവേഷണ പ്രവർത്തനം
11. എനർജി പാർക്ക്
12. മൈക്രോ ഹൈഡൽ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly